# ആരോഗ്യ കേരളം

MAY 2024

follow us on /arogyakeralam https://arogyakeralam.gov.in


## ഉഷ്ണ തരംഗം: സ്വയം പ്രതിരോധിക്കാം, തീവ്രത കുറയ്ക്കാം



**തിരുവനന്തപുരം** : ഉഷ്ണതരംഗം മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണെന്ന് ആരോഗ്യ വകുപ്പ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണിവരെ നേരിട്ട് സൂര്യ പ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതാപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ധാരാളം വെള്ളം കുടിക്കുകയെന്നതാണ് പ്രധാന പ്രതിരോധ മാർഗം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. സാധാരണമല്ലാത്ത ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ചികിത്സ തേടണം.

ജില്ലാ ഭരണകൂടവുമായി ചേർന്ന് ജില്ലകളുടെ സാഹചര്യം ഇടയ്ക്കിടയ്ക്ക് വിലയിരുത്താനും അതനുസരിച്ച് നടപടികൾ സ്വീകരിക്കാനും ആരോഗ്യ വകുപ്പ് നിർദേശം നൽകി. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും ആരോഗ്യ വകുപ്പും നൽകുന്ന മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണം. അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കാനും നിർദേശം നൽകി.

തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതാപമോ ഉണ്ടാകാനിടയുണ്ട്. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമ്മം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. വെയിലിൽ നിന്ന് തണലിലേക്ക് മാറി വിശ്രമിക്കുക. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. ധാരാളം വെള്ളം കുടിക്കുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുക/ഫാനോ എ.സിയോ ഉപയോഗിക്കുക. ഡോക്ടറെ കാണിച്ചു ചികിത്സ തേടുക.

### ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം

- രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.
- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.
- ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക. യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.
- കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.
- ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.
- വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക.
- കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്.
- ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക.
- വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.
- ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാവണം.

**ഏപ്രിൽ 07 ലോക ആരോഗ്യ ദിനം**

## ആരോഗ്യ അവകാശങ്ങളുടെ സംരക്ഷണത്തിന് പ്രതിജ്ഞാബദ്ധം: ആരോഗ്യവകുപ്പ്

**തിരുവനന്തപുരം:** പൗരൻമാരുടെ ആരോഗ്യ അവകാശങ്ങളുടെ സംരക്ഷണത്തിന് ആരോഗ്യ വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് ആരോഗ്യ വകുപ്പ്. ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി കേരള പൊതുജനാരോഗ്യ നിയമം, മെഡിക്കൽ പ്രാക്ടീഷനേഴ്സ് നിയമം, കേരള സാംക്രമിക രോഗങ്ങൾ ആക്ട് എന്നിവ യാഥാർത്ഥ്യമാക്കി. പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ആരോഗ്യ സംരക്ഷണത്തിൽ പ്രധാനമാണ്. ആരോഗ്യ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ട പ്രധാന ഇടങ്ങളാണ് ആരോഗ്യ കേന്ദ്രങ്ങൾ. ഇവ വിവേചനങ്ങൾ കൂടാതെ രോഗികളുടെ ആരോഗ്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിലകൊള്ളണം. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി 2012 ലെ നിയമം ശക്തിപ്പെടുത്തി. ആരോഗ്യ പ്രവർത്തകരുടേയും ആശുപത്രികളുടേയും സുരക്ഷിതത്വത്തിനായി കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കിയതായും ആരോഗ്യവകുപ്പ് വ്യക്തമാക്കി. എല്ലാ വർഷവും ഏപ്രിൽ ഏഴാം തീയതിയാണ് ലോകാരോഗ്യ ദിനം ആചരിക്കുന്നത്. 1948 ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷിക ദിനമാണ് ഏപ്രിൽ 7. 'എന്റെ ആരോഗ്യം, എന്റെ അവകാശം' എന്നതാണ് ഈ വർഷത്തെ ലോകാരോഗ്യ ദിന സന്ദേശം. എല്ലാവർക്കും എല്ലായിടങ്ങളിലും ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങളും ആരോഗ്യ സംബന്ധമായ വിവരങ്ങളും വിദ്യാഭ്യാസവും ലഭ്യമാകുക, ശുദ്ധമായ കുടിവെള്ളം, സുരക്ഷിതമായ വായു, പോഷകാഹാരം, മെച്ചപ്പെട്ട പാർപ്പിടം, മാന്യമായ ജോലി ഇടങ്ങളും സാഹചര്യങ്ങളും, വിവേചനങ്ങളിൽ നിന്നും മോചനം തുടങ്ങിയവ ഉയർത്തിപ്പിടിക്കുക എന്നതാണ് ഈ വർഷത്തെ സന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റ് അവകാശങ്ങളെപോലെ തന്നെ ഒരു പൗരന്റെ അവകാശമാണ് ആരോഗ്യവും. യാതൊരു വിവേചനവും കൂടാതെ സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പരിചരണം ലഭിക്കുന്നതിനും സ്വന്തം ആരോഗ്യ സംബന്ധമായ വിവരങ്ങളുടെ സ്വകാര്യത കാത്തു സൂക്ഷിക്കപ്പെടുന്നതിനും പൗരന് അവകാശമുണ്ട്. ഇതോടൊപ്പം സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പാർശ്വവത്കരിക്കപ്പെട്ട, പ്രത്യേക പരിഗണന അർഹിക്കുന്ന മറ്റ് ജനവിഭാഗങ്ങൾ മുതലായവരുടെ അവകാശങ്ങളും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അമ്മമാരുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യ അവകാശങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. ഭക്ഷ്യവസ്തുക്കളിലെ മായം, കൃത്രിമ നിറങ്ങൾ, രാസവസ്തുക്കൾ, ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം, മാലിന്യങ്ങളുടെ അശാസ്ത്രീയമായ കൈകാര്യം ചെയ്യൽ, തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയവ ആരോഗ്യ അവകാശങ്ങൾ ഉറപ്പാക്കേണ്ട വിവിധ മേഖലകളാണ്.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രളയം, വരൾച്ച തുടങ്ങിയവയും പ്രകൃതിദുരന്തങ്ങളോടനുബന്ധിച്ചുകുന്ന രോഗങ്ങൾ, മലിനീകരണം തുടങ്ങിയ നിരവധി പ്രശ്നങ്ങളും ആരോഗ്യത്തിന് വെല്ലുവിളിയാകാറുു്. മനുഷ്യന്റെ ആരോഗ്യത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം പക്ഷി - മൃഗാദികളുടെയും പ്രകൃതിയുടെയും ആരോഗ്യ സംരക്ഷണത്തിലൂടെ മാത്രമേ മനുഷ്യന്റെ ആരോഗ്യ സംരക്ഷണം സാധ്യമാകൂ എന്ന തിരിച്ചറിവാണ് ലോകത്തെ ഏകാരോഗ്യം അഥവാ വൺ ഹെൽത്ത് എന്ന ആശയത്തിലേക്കെത്തിച്ചത്. ഇത് ഉൾക്കൊണ്ട് രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് വൺ ഹെൽത്ത് നടപ്പിലാക്കി.




## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിക്ക് ദേശീയ തലത്തിൽ സ്വർണ മെഡൽ

### രാജ്യത്ത് ഒന്നാം സ്ഥാനത്തോടെ ഡി.എൻ.ബി. ബിരുദം



ഡോ. രഞ്ജിനി രാധാകൃഷ്ണൻ

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിക്ക് അഖിലേന്ത്യാ പരീക്ഷയിൽ സ്വർണ മെഡൽ. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ ഡി.എൻ.ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) പരീക്ഷയിലാണ് മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ വിദ്യാർത്ഥിയായിരുന്ന ഡോ. രഞ്ജിനി രാധാകൃഷ്ണന് ഡോ. എച്ച്.എൽ. ത്രിവേദി ഗോൾഡ് മെഡൽ ലഭിച്ചത്. ദേശീയ തലത്തിൽ പ്രമുഖ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ മെഡിക്കൽ കോളേജുകളിൽ നിന്നും നെഫ്രോളജി സൂപ്പർ സ്പെഷ്യാലിറ്റി ബിരുദം നേടിയവരും ഡി.എൻ.ബി. നെഫ്രോളജി റെസിഡൻസുമാണ് ഈ പരീക്ഷയിൽ പങ്കെടുത്തത്. അതിലാണ് രഞ്ജിനി രാധാകൃഷ്ണൻ ഒന്നാമതെത്തിയത്. ഡോ. രഞ്ജിനി രാധാകൃഷ്ണനെ ആരോഗ്യ വകുപ്പ് അഭിനന്ദിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്. പഠിച്ച ശേഷം രഞ്ജിനി മദ്രാസ് മെഡിക്കൽ കോളേജിൽ നിന്നും ജനറൽ മെഡിസിനിൽ എം.ഡി. കരസ്ഥമാക്കി. തുടർന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും നെഫ്രോളജി വിഭാഗത്തിൽ ഡി.എം. ബിരുദം നേടിയത്. ഈ ബിരുദം നേടിയ ശേഷമാണ് ഡി.എൻ.ബി. പരീക്ഷ എഴുതിയതും സ്വർണ മെഡൽ നേടിയതും. അന്തർദേശീയ രംഗത്ത് ഏറെ മൂല്യമുള്ളതാണ് ഡി.എൻ.ബി. ബിരുദം. നെഫ്രോളജി രംഗത്ത് കൂടുതൽ വിദഗ്ധ പരിചരണം ഉറപ്പാക്കാനും ഈ ബിരുദത്തിലൂടെ സാധിക്കും.

എറണാകുളം കൂത്താട്ടുകുളം സ്വദേശിയാണ് ഡോ. രഞ്ജിനി രാധാകൃഷ്ണൻ. മേയ് 10ന് ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് നടക്കുന്ന കോൺവക്കേഷനിൽ രാഷ്ട്രപതി സ്വർണമെഡൽ സമ്മാനിക്കും.

## ഡെങ്കിപ്പനി സാധ്യത :

# മഴക്കാല പൂർവ്വ ശുചീകരണം കൃത്യമാക്കണം

### പ്രവർത്തനങ്ങൾ വിലയിരുത്താൻ എല്ലാ ജില്ലകളിലും പ്രത്യേക സമിതികൾ

**തിരുവനന്തപുരം:** വേനൽ മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യതയുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ആരോഗ്യ വകുപ്പ്. സ്റ്റേറ്റ് മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിൽ ഇതു സംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തണം. ഇവയുടെ പുരോഗതി വിലയിരുത്താൻ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കും. ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ജാഗ്രതാ നിർദേശങ്ങൾ നൽകിയിരുന്നു. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണമെന്നും ആരോഗ്യ വകുപ്പ് നിർദേശിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ഡെങ്കിപ്പനിയെ പ്രതിരോധിക്കാനാകൂ. പൊതുജനങ്ങൾക്കും ഡെങ്കിപ്പനി പടരാതിരിക്കാൻ പ്രധാന പങ്കുണ്ട്. വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. വീടുകളും ഓഫീസുകളും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം. മാലിന്യം കുന്നു കൂടരുത്. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണം.

കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. കൊതുകിൽ നിന്നും സംരക്ഷണം നേടുക എന്നതാണ് ഡെങ്കിപ്പനിയുടെ പ്രധാന സംരക്ഷണ മാർഗം. രാവിലെയും വൈകുന്നേരങ്ങളിലും വീടിന്റെ ജനാലകളും വാതിലുകളും അടച്ചിടണം. അടച്ചിടുന്നതിനു മുൻപ് വീട്ടിനുള്ളിൽ പുകയ്ക്കുന്നത് വീട്ടിനുള്ളിലുള്ള കൊതുകുകളെ പുറത്താക്കാൻ സഹായിക്കും. കൊതുകിന്റെ സാന്ദ്രത കൂടുതലുള്ള ഇടങ്ങളിൽ ജനാലകളും വാതിലുകളും വല ഉപയോഗിച്ച് സംരക്ഷിക്കണം.

കെട്ടിടങ്ങളുടെ അകത്തും പുറത്തും മേൽക്കൂരയിലും വെള്ളം കെട്ടി നിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പാത്രങ്ങൾ, ചിരട്ടകൾ, തൊണ്ട്, ടയർ, മുട്ടത്തോട്, ടിന്നുകൾ തുടങ്ങിയവ വലിച്ചെറിയാതെ നശിപ്പിക്കുകയോ വെള്ളം കെട്ടിനിൽക്കാതെ കമഴ്ത്തി വയ്ക്കുകയോ ചെയ്യുക. വീട്ടിനുള്ളിൽ പൂച്ചട്ടികൾക്ക് താഴെ വെള്ളം കെട്ടിനിൽക്കുന്ന പാത്രങ്ങളിലും ഫ്രിഡ്ജിന് അടിയിൽ വെള്ളം നിൽക്കുന്ന ട്രേയിലും കൊതുക് മുട്ടയിടാൻ സാധ്യതയുണ്ട്. ഇവ ആഴ്ചയിൽ ഒരിക്കൽ എങ്കിലും വൃത്തിയാക്കുക. വെള്ളം ശേഖരിക്കുന്ന പാത്രങ്ങളും ടാങ്കുകളും അടച്ചു സൂക്ഷിക്കുക.

കൊതുക് കടിയേൽക്കാതിരിക്കാൻ ശരീരം മൂടുന്ന വസ്ത്രം ധരിക്കുക, കൊതുകുവല, ലേപനങ്ങൾ ഉപയോഗിക്കുക. പനിയുള്ളവർ കൊതുകുകടി ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.



# മലേറിയ തടുക്കാൻ പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിന് വഴികൾ ഏറെ



ലോക മലമ്പനി ദിനാചരണത്തിനായി പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടികൾ

**കോഴിക്കോട്** : ലോക മലമ്പനി ദിനാചരണത്തോടെ ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നൂതന പരിപാടികളാണ് സംഘടിപ്പിച്ചത്. ജില്ലയിലെ തീരപ്രദേശമായ പുതിയാപ്പയിലെ ജനങ്ങൾക്കായി ഹാർബറിലും മറ്റ് പ്രധാന സ്ഥലങ്ങളിലും ഫ്ളാഷ് മോബ്, റോൾ പ്ലേ, തെരുവ് നാടകം എന്നിവ സംഘടിപ്പിച്ചു. തദ് അവസരത്തിൽ മലമ്പനി ബാധിച്ച് സുഖം പ്രാപിച്ച വ്യക്തിയുടെ അനുഭവം പരിപാടിയുടെ വേദിയിൽ പങ്ക് വെച്ചത് ശ്രദ്ധേയമായി. പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിൽ മലമ്പനിയുമായി ബന്ധപ്പെട്ട് ആരോഗ്യ ബോധവൽക്കരണ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

മുൻ വർഷത്തിൽ പുതിയാപ്പയിൽ തദ്ദേശീയ മലേറിയ റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലയിലെ ‘സേഫ് ലെമവ്വീ്ല’ ക്യാമ്പയിന്റെ ഭാഗമായുള്ള പ്രതിരോധ പ്രവർത്തനങ്ങളും ഈ പ്രദേശത്ത് നടന്ന് വരുന്നു. പ്രസ്തുത സാഹചര്യത്തിൽ പുതിയാപ്പയിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടികൾ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ.നീതു, ഹെൽത്ത് ഇൻസ്പെക്ടർ ബൈജുലാൽ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ പ്രതിഭ, മേഴ്സി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. കോഴിക്കോട് ബീച്ചിലെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികളുടെ സഹകരണത്തോടു കൂടിയാണ് വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചത്.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**അഫ്സാന പർവീൺ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ സി (ഡിഭസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി (ഡിഭസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡിഭസി), ഇടുക്കി
**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡിഭസി), തൃശ്ശൂർ
**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡിഭസി), കോഴിക്കോട്
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിഭസി), കോട്ടയം
**വിനു എ**
കൺസൽട്ടന്റ് (ഡിഭസി), എറണാകുളം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡിഭസി), ആലപ്പുഴ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഭസി), തിരുവനന്തപുരം
**പ്രീത എം**
ജെ സി (ഡിഭസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി (ഡിഭസി), മലപ്പുറം
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഭസി), കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഭസി), കാസർഗോഡ്
**നിജിൽ കെ. എസ്.**
ജെ സി (ഡിഭസി), വയനാട്
**അജിത് കുമാർ പി. എ**
ജെ സി (ഡിഭസി), പത്തനംതിട്ട
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഭസി), കൊല്ലം
**ശ്രീദേവി കെ എസ്**
ക്ലർക്ക്, ഡി ഇ ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്


# കോട്ടയം മെഡിക്കൽ കോളേജിൽ പത്താമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

### 4 പേർക്ക് പുതുജീവിതം നൽകി തമിഴ്നാട് സ്വദേശി

**തിരുവനന്തപുരം:** കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ പത്താമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നു. മസ്തിഷ്ക മരണമടഞ്ഞ തമിഴ്നാട് കന്യാകുമാരി സ്വദേശിയായ എം. രാജയുടെ (38) ഹൃദയം ആലപ്പുഴ സ്വദേശിയായ 26 വയസുള്ള യുവാവിനാണ് മാറ്റിവച്ചത്. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ജയകുമാറിന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. അവയവം ദാനം നൽകിയ രാജയുടെ ബന്ധുക്കളെ ആരോഗ്യ വകുപ്പ് ആദരവറിയിച്ചു. ഒപ്പം ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും അഭിനന്ദിച്ചു. ഡ്രൈവറായ രാജയ്ക്ക് തലയ്ക്കുള്ളിലെ രക്തസ്രാവം കാരണമാണ് വിദഗ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിലെത്തിച്ചത്. തീവ്രപരിചരണ വിഭാഗത്തിൽ വിദഗ്ധ ചികിത്സ നൽകിയെങ്കിലും കഴിഞ്ഞ ദിവസം മസ്തിഷ്ക മരണമടയുകയായിരുന്നു. അവയവദാനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയറിഞ്ഞ ബന്ധുക്കൾ അവയവദാനത്തിന് തയ്യാറാകുകയായിരുന്നു. ഹൃദയം, കരൾ, 2 വൃക്കകൾ എന്നിവയാണ് ദാനം നൽകിയത്.

ഹൃദയം കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള രാഗിക്കാണ് ലഭിച്ചത്. ഇന്നലെ രാത്രി തന്നെ കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം കിംസിലെത്തി ഹൃദയം ഏറ്റെടുത്തു. രാത്രിയിൽ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ ഗ്രീൻ കോറിഡോർ ഒരുക്കിയാണ് ഹൃദയം കോട്ടയം മെഡിക്കൽ കോളേജിലെത്തിച്ചത്. കാർഡിയോ മയോപ്പതി കാരണം ഹൃദയം മാറ്റിവയ്ക്കുകയല്ലാതെ മറ്റ് മാർഗമില്ലാതിരുന്ന യുവാവിലാണ് ഹൃദയം മാറ്റിവച്ചത്. അതിരാവിലെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചു. രാവിലെ 10 മണിയോടെ ശസ്ത്രക്രിയ പൂർത്തിയായി. മസ്തിഷ്ക മരണനിർണയവും അവയവ വിന്യാസവും ശസ്ത്രക്രിയകൾക്ക് ഏകോപനവും നടത്തിയത്



എം. രാജ

സർക്കാരിന്റെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കെസോട്ടോയാണ്. രാജയുടെ ഭാര്യ എല്ലിസുമിത നാഗർകോവിൽ കോടതിയിലെ താത്ക്കാലിക ജിവനക്കാരിയാണ്. പതിനഞ്ചും പതിമൂന്നും വയസുള്ള കുട്ടികളാണുള്ളത്.

# മലമ്പനി എത്രയും വേഗം കണ്ടെത്തി ചികിത്സ തേടണം: ആരോഗ്യവകുപ്പ്

**തിരുവനന്തപുരം:** മലേറിയ അഥവാ മലമ്പനി എത്രയും വേഗം കണ്ടെത്തി ചികിത്സ തേടണമെന്ന് ആരോഗ്യവകുപ്പ്. ഗർഭിണികൾ, ശിശുക്കൾ, 5 വയസിന് താഴെയുള്ള കുട്ടികൾ, പ്രായമായവർ, മറ്റ് ഗുരുതര രോഗമുള്ളവർ എന്നിവർക്ക് മലമ്പനി ബാധിച്ചാൽ സങ്കീർണമാകാൻ സാധ്യതയുണ്ട്. മലമ്പനി ചികിത്സിച്ചില്ലെങ്കിൽ ഗർഭാവസ്ഥയിൽ ഗുരുതരമായ അനീമിയ, മാതൃമരണം, മാസം തികയാതെയുള്ള പ്രസവം, തൂക്കക്കുറവുള്ള കുഞ്ഞുങ്ങൾ ഉണ്ടാകുക എന്നിവയ്ക്ക് കാരണമാകും. മലമ്പനിയ്ക്ക് കൃത്യമായ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. രോഗ ലക്ഷണങ്ങൾ കണ്ട് എത്രയും വേഗം ചികിത്സ തേടിയാൽ മലമ്പനി പൂർണമായും ഭേദമാക്കാൻ കഴിയും. സംസ്ഥാനത്ത് മലേറിയ നിർമ്മാർജനത്തിനായി ഊർജിത പരിപാടികളാണ് നടപ്പിലാക്കി വരുന്നതെന്നും ആരോഗ്യ വകുപ്പ് വ്യക്തമാക്കി.

എല്ലാ വർഷവും ഏപ്രിൽ 25നാണ് ലോക മലമ്പനി ദിനമായി ആചരിച്ചു വരുന്നത്. മലമ്പനിയെ നിയന്ത്രിക്കാനും തുടച്ചു നീക്കാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ഈ ദിനം ആചരിക്കുന്നത്. 'കൂടുതൽ നീതിയുക്തമായ ലോകത്തിനായി മലമ്പനിക്കെതിരായ പോരാട്ടം ത്വരിതപ്പെടുത്താം' എന്നതാണ് ഈ വർഷത്തെ ലോക മലമ്പനി ദിനാചരണ സന്ദേശം.

അനോഫിലിസ് വിഭാഗത്തിൽ പ്പെട്ട പെൺകൊതുകുകളാണ് മലമ്പനി പരത്തുന്നത്. കൊതുക് കടിയേൽക്കുന്നത് വഴിയും മലമ്പനിയുള്ള രോഗിയുടെ രക്തം സ്വീകരിക്കുന്നത് വഴിയും ചുരുക്കം സന്ദർഭങ്ങളിൽ ഗർഭാവസ്ഥയിൽ അമ്മയിൽ നിന്ന് കുഞ്ഞിലേക്കും മലമ്പനി പകരുന്നു. പനിയോടൊപ്പം ശക്തമായ കുളിരും തലവേദനയും പേശി വേദനയുമാണ് മലമ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ. വിറയലോടുകൂടി ആരംഭിച്ച് ശക്തമായ പനിയും കുളിരും ദിവസേനയോ ഒന്നിടവിട്ടുള്ള ദിവസങ്ങളിലോ മൂന്ന് ദിവസം കൂടുമ്പോഴോ ആവർത്തിക്കുക, മനംപുരട്ടൽ, ഛർദ്ദി, ചുമ, ത്വക്കിലും കണ്ണിലും മഞ്ഞ നിറം എന്നിവയും ഉണ്ടാകാറുണ്ട്. പനി, ശക്തമായ തലവേദന എന്നീ ലക്ഷണങ്ങൾ മാത്രമായും മലമ്പനി കാണാറുണ്ട്.

കൊതുക് കടിയേൽക്കാതെ സ്വയം സംരക്ഷണമൊരുക്കിയാൽ മലമ്പനിയിൽ നിന്നും രക്ഷനേടാവുന്നതാണ്. ഇടവിട്ട് മഴയുള്ളതിനാൽ മലമ്പനിയുൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. വീടുകളും ഓഫീസുകളും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം. കൊതുക് കടിയേൽക്കാതിരിക്കാൻ ശരീരം മൂടുന്ന വസ്ത്രം ധരിക്കുക, കൊതുകുവല, ലേപനങ്ങൾ എന്നിവ ഉപയോഗിക്കുക. പനിയുള്ളവർ കൊതുക് കടിയേൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## ഏപ്രിൽ 25 ലോക മലേറിയാ ദിനം






**എറണാകുളം ജില്ലാ തമ്മനം അർബൻ പ്രൈമറി സെന്ററിൽ ആരംഭിച്ച ട്രാൻസ് ജെന്റർ സ്പെഷ്യൽ ക്ലിനിക്**

എല്ലാ ചൊവ്വഴ്ചയും ഉച്ചയ്ക്ക് 2 മുതൽ 4 വരെയാണ് സ്പെഷ്യൽ ക്ലിനിക്

# സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ചരിത്ര നേട്ടം

## 7 വിദ്യാർത്ഥികൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനത്തോടെ സ്വർണ്ണ മെഡലുകൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ 7 വിദ്യാർത്ഥികൾക്ക് അഖിലേന്ത്യാ മെഡിക്കൽ സയൻസ് പരീക്ഷയിൽ സ്വർണ മെഡൽ. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ ഡി.എൻ.ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) 2023ലെ പരീക്ഷയിലാണ് വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയത്. ദേശീയ തലത്തിൽ പ്രമുഖ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ സർക്കാർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നും വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദം നേടിയവരാണ് ഈ പരീക്ഷയിൽ പങ്കെടുത്തത്. അതിലാണ് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ രാജ്യത്തെ മികച്ച നേട്ടം കൈവരിച്ചത്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ അധ്യാപനത്തിലും മികവിന്റെ കേന്ദ്രങ്ങളാണെന്നതിന്റെ സാക്ഷ്യം കൂടിയാണിത്. സ്വർണ മെഡൽ നേടിയ എല്ലാ വിദ്യാർത്ഥികളേയും ആരോഗ്യ വകുപ്പ് അഭിനന്ദിച്ചു.

എൻഡോക്രൈനോളജിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. വി. കാർത്തിക്, നെഫ്രോളജയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. രഞ്ജിനി രാധാകൃഷ്ണൻ, ഫോറൻസിക് മെഡിസിനിൽ തൃശൂർ മെഡിക്കൽ കോളേജിലെ ഡോ. രഹനാസ് അബ്ദുൾ അസീസ്, മൈക്രോബയോളജിയിൽ തൃശൂർ മെഡിക്കൽ കോളേജിലെ ഡോ. ടി.പി. സിതാര നാസർ, ന്യൂറോളജിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. അജിത അഗസ്റ്റിൻ, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. പി.ഡി. നിതിൻ, ഇ.എൻ.ടി. വിഭാഗത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോ. വി.എ. ഹംനാസ് എന്നിവരാണ് സ്വർണ മെഡൽ നേടിയത്. അന്തർദേശീയ രംഗത്ത് ഏറെ മൂല്യമുള്ളതാണ് ഈ ബിരുദം. . ഒരു സംസ്ഥാനത്ത് ദേശീയ തലത്തിൽ ഇത്രയേറെ സ്വർണ മെഡലുകൾ അതും സർക്കാർ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കുന്നത് ഇതാദ്യമായാണ്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ മികവാണ് ഇതിലൂടെ വെളിവാകുന്നത്. മേയ് 10ന് ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് നടക്കുന്ന കോൺവക്കേഷനിൽ രാഷ്ട്രപതി സ്വർണ മെഡലുകൾ സമ്മാനിക്കും.

# കാക്കണം കരളിനെ

## ഏപ്രിൽ 19 ലോക കരൾ ദിനം

# കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും




**തിരുവനന്തപുരം:** കരൾ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ തേടണമെന്ന് ആരോഗ്യ വകുപ്പ്. സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ വിവിധ തരം കരൾ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങളുണ്ട്. സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപ ചെലവുള്ള കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ യാഥാർത്ഥ്യമാക്കി. കോട്ടയം മെഡിക്കൽ കോളേജിൽ 5 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയകരമായി നടത്തി.

മദ്യപിക്കാത്ത ആൾക്കാരിൽ ഉണ്ടാകുന്ന കരൾ രോഗമായ നോൺ ആൾക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് (എൻ.എ.എഫ്.എൽ.ഡി.) കൂടി വരുന്നതിനാൽ അത് കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ആരോഗ്യ വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തും തിരൂരുമുള്ള ജില്ലാതല ആശുപത്രികളിൽ എൻ.എ.എഫ്.എൽ.ഡി. ക്ലിനിക്കുകൾ ആരംഭിക്കാനുള്ള അനുമതി നൽകിയിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ എൻ.എ.എഫ്.എൽ. രോഗം കണ്ടെത്തുന്നതിനുള്ള ഫൈബ്രോ സ്കാൻ മെഷീൻ വാങ്ങാനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

പൊതുജനങ്ങളിൽ കരൾ രോഗത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ഉദ്ദേശത്തോടെയാണ് എല്ലാ വർഷവും ഏപ്രിൽ 19ന് ലോക കരൾ ദിനം ആചരിക്കുന്നത്. 'ജാഗ്രത പാലിക്കുക, പതിവായി കരൾ പരിശോധന നടത്തുക, ഫാറ്റി ലിവർ രോഗങ്ങൾ തടയുക' *(Be Vigilant, Get Regular Liver Check-Ups and Prevent Fatty Liver Diseases)* എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിന സന്ദേശം.

മനുഷ്യ ശരീരത്തിലെ ഏറ്റവും വലുതും സുപ്രധാനവുമായ രാമത്തെ അവയവമാണ് കരൾ. മെറ്റബോളിസം (ഉപാപചയ പ്രവർത്തനങ്ങൾ), ദഹനം, പ്രതിരോധശേഷി, വിഷ വസ്തുക്കളുടെ ശുദ്ധീകരണം, വിറ്റാമിനുകൾ, ധാതുക്കൾ, ഗ്ലൂക്കോസ് മുതലായവയുടെ സംഭരണം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങളാണ് കരൾ നിർവഹിക്കുന്നത്. അതിനാൽ തന്നെ കരളിനെ ബാധിക്കുന്ന രോഗങ്ങൾ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മഞ്ഞപ്പിത്തം, കരൾ വീക്കം, സിറോസിസ്, കരളിലെ അർബുദം, ഫാറ്റി ലിവർ എന്നിവയാണ് കരളിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. അനാരോഗ്യകരമായ ഭക്ഷണക്രമം, മദ്യപാനം, ഹെപ്പറ്റൈറ്റിസ് ബി, സി പോലുള്ള വൈറൽ അണുബാധകൾ തുടങ്ങിയവ കരൾ രോഗങ്ങൾക്ക് കാരണമാകുന്നു. ഫാറ്റി ലിവർ പോലുള്ള അസുഖങ്ങളിൽ പ്രത്യേകിച്ച് ലക്ഷണങ്ങളൊന്നും ഉണ്ടാവണമെന്നില്ല. കണ്ണുകളിലെ മഞ്ഞ നിറം, കാലിലെയും വയറ്റിലെയും നീര്, മലത്തിലോ ഛർദ്ദിയിലോ രക്തത്തിന്റെ അംശം, അമിതമായ ക്ഷീണം, അബോധാവസ്ഥ, വിശപ്പില്ലായ്മ, ഭാരക്കുറവ്, വയറുവേദനയും വീക്കവും മുതലായവ കരൾ രോഗത്തിന്റെ ലക്ഷണങ്ങളാവാം.

രക്തപരിശോധനകൾ, ലിവർ ഫംഗ്ഷൻ ടെസ്റ്റ്, അൾട്രാസൗണ്ട് സ്കാൻ, സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, ഫൈബ്രോ സ്കാൻ, എൻഡോസ്കോപ്പി, ബയോപ്സി മുതലായ പരിശോധനകളിലൂടെ കരൾ രോഗങ്ങൾ കണ്ടെത്താം.

മദ്യപാനം ഒഴിവാക്കുക, ആരോഗ്യകരമായ ഭക്ഷണം ശീലിക്കുക, ഭക്ഷണത്തിൽ എണ്ണയും കൊഴുപ്പും കുറയ്ക്കുക, പഴങ്ങൾ, പച്ചക്കറികൾ കൂടുതൽ കഴിക്കുക, അമിത ഭാരം കുറയ്ക്കുക, വ്യായാമം ശീലമാക്കുക, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവ നിയന്ത്രണ വിധേയമാക്കുക, തിളപ്പിച്ചാറ്റിയ വെള്ളവും വൃത്തിയുള്ള ഭക്ഷണവും ശീലമാക്കുക, ആഹാരത്തിനു മുമ്പും മലമൂത്ര വിസർജന ശേഷവും ശുചിത്വം പാലിക്കുക, മറ്റുള്ളവർ ഉപയോഗിച്ച ബ്ലേഡ്, സിറിഞ്ച് എന്നിവ ഉപയോഗിക്കാതിരിക്കുക എന്നിവയിലൂടെ കരൾ രോഗങ്ങൾ പ്രതിരോധിക്കാനാകും.

# വയറുവേദനയുമായെത്തി: 10 കിലോഗ്രാമിലേറെ ഭാരമുള്ള ഗർഭാശയ മുഴ നീക്കം ചെയ്തു



ശസ്ത്രക്രിയക്ക് ശേഷം നീക്കം ചെയ്ത മുഴയുമായി ശസ്ത്രക്രിയ നടത്തിയ സംഘം

**കോഴിക്കോട്** : വയറുവേദനയുമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിയ യുവതിയുടെ വയറ്റിൽ നിന്ന് നീക്കം ചെയ്തത് 10 കിലോയിലധികം തൂക്കമുള്ള മുഴ. മലപ്പുറം മൂന്നിയൂർ സ്വദേശിയായ 43 വയസുകാരിയിൽ നിന്നാണ് മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സങ്കീർണ ശസ്ത്രക്രിയയിലൂടെ ഗർഭാശയ മുഴ നീക്കം ചെയ്തത്. 36 സെന്റീമീറ്റർ നീളവും 33 സെന്റീമീറ്റർ വീതിയുമുള്ള ഗർഭാശയമുഴ 3 മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെയാണ് നീക്കം ചെയ്തത്. ശസ്ത്രക്രിയ കഴിഞ്ഞ് തീവ്രപരിചരണത്തിൽ കഴിയുന്ന യുവതിയുടെ ആരോഗ്യ നില തൃപ്തികരമാണ്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് അഭിനന്ദിച്ചു.

ഒരാഴ്ച മുമ്പ് വയറുവേദനയായിട്ടാണ് യുവതി കോഴിക്കോട് മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗത്തിൽ ചികിത്സയ്ക്കായെത്തിയത്. വീർത്ത വയറൊഴികെ മറ്റ് രോഗ ലക്ഷണങ്ങളൊന്നും കണ്ടില്ല. അൾട്രാസൗണ്ട്, എം.ആർ.ഐ. സ്കാനിംഗ് തുടങ്ങിയ പരിശോധനകളിൽ ഗർഭാശയ മുഴയാണെന്ന് സ്ഥിരീകരിച്ചു. രക്തയോട്ടം കൂടുതലുള്ള മുഴയായതിനാൽ അതീവ സങ്കീർണമായിരുന്നു ശസ്ത്രക്രിയ. രക്തസ്രാവം ഉണ്ടാകാതിരിക്കാൻ ഗർഭാശയത്തിലേക്കുള്ള രക്തക്കുഴലുകൾ ശസ്ത്രക്രിയയുടെ തുടക്കത്തിൽ തന്നെ തുന്നിച്ചേർത്തിരുന്നു. രക്തസ്രാവമുണ്ടാകാനുള്ള സാധ്യത മുന്നിൽ കണ്ട് രക്തം ശേഖരിച്ച് വച്ചിരിന്നെങ്കിലും നൽകേണ്ടി വന്നില്ല. ശസ്ത്രക്രിയ പൂർണ വിജയമായിരുന്നു.

ഗൈനക്കോളജി വിഭാഗം കാൻസർ സ്പെഷ്യലിസ്റ്റ് ഡോ. സന്തോഷ് കുര്യാക്കോസ്, ഡോ. അമ്മു മോഹൻ, ഡോ. ഐശ്വര്യ ഗൗതം, ഡോ. അഞ്ജന, അനസ്ത്യേഷ്യാ വിഭാഗം ഡോ. ബിനു സാജിദ്, ഡോ. സോനു എസ്.എ., സ്റ്റാഫ് നഴ്സ് സരിത സി.എസ്., സിജിമോൾ ജോർജ്. നഴ്സിംഗ് അസിസ്റ്റന്റ് അശോകൻ വി.കെ. എന്നിവരടങ്ങിയ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. ഗൈനേക്കോളജി വിഭാഗം മേധാവി ഡോ. ജ്യോതി രമേശ് ചന്ദ്രൻ ശസ്ത്രക്രിയയ്ക്ക് മേൽനോട്ടം വഹിച്ചു

# ഹൃദ്യം; 7000ലധികം കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ

## വീടുകളിലും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ്

**തിരുവനന്തപുരം**: ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 7272 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. പദ്ധതിയിലൂടെ ചികിത്സയ്ക്കായി ആകെ 21,060 കുട്ടികൾ രജിസ്റ്റർ ചെയ്തു. അതിൽ 13,352 പേർ ഒരു വയസിന് താഴെയുള്ളവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ ശസ്ത്രക്രിയ ആവശ്യമായ 7,272 കുട്ടികൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 4526 കുഞ്ഞുങ്ങൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ സംവിധാനം ശക്തിപ്പെടുത്തുന്നതിനായ് കൂടുതൽ ആശുപത്രി കളിൽ ഹൃദ്യം പദ്ധതി വ്യാപിപ്പി ക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർ ചികിത്സ ഉറപ്പാക്കാനും തുടർ നടപടികൾ ഏകീകരിക്കുന്നതിനുമായി ഹൃദ്യം വെബ്സൈറ്റ് വിപുലീകരിച്ചു. അടിയന്തര സ്വഭാവമുള്ള കേസുകളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു. ഇതിനായി വെന്റിലേറ്റർ/ ഐ.സി.യു. ആംബുലൻസ് സേവനവും നൽകി വരുന്നു.

ജന്മനാ ഹൃദ്രോഗമുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തിയാൽ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. നവജാത ശിശുക്കൾ മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭ്യമാക്കുന്നു. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കി വരുന്നു. എല്ലാ കുട്ടികൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലെത്തിയും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ് നടത്തുന്നു. ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ എക്കോ ഉൾപ്പെടെയുള്ള വിദഗ്ധ പരിശോധന നടത്തും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലോ, എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിലോ ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

9 സർക്കാർ, സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി ഉൾപ്പെടെ കൂടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്താനുള്ള സംവിധാനമൊരുക്കി വരുന്നു.

ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ ലഭിച്ച കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയും വികാസവും ഉറപ്പാക്കുന്ന തുടർപിന്തുണാ പദ്ധതിയും നടത്തി വരുന്നു. സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പരിചരണം ആവശ്യമാണ്. ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.

# 3 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## ആകെ 175 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.

**തിരുവനന്തപുരം**: സംസ്ഥാനത്തെ 3 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു. തൃശൂർ പാറളം കുടുംബാരോഗ്യ കേന്ദ്രം 92 ശതമാനം സ്കോറും, പാലക്കാട് കുളപ്പുള്ളി നഗര കുടുംബാരോഗ്യ കേന്ദ്രം 86 ശതമാനം സ്കോറും, കൊല്ലം കരുനാഗപ്പള്ളി നഗര കുടുംബാരോഗ്യ കേന്ദ്രം 89 ശതമാനം സ്കോറും നേടിയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയത്. ഇതുവരെ പുതിയതും പു:അംഗീകാരവും ഉൾപ്പെടെ ആകെ 143 സ്ഥാപനങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

മികച്ച സൗകര്യങ്ങളും സേവനങ്ങളുമൊരുക്കി കൂടുതൽ സർക്കാർ ആശുപത്രികളെ ദേശിയ ഗുണനിലവാരത്തിലേക്ക് ഉയർത്താനായി നടത്തിയ നടപടികളുടെ ഭാഗമായാണ് ഈ അംഗീകാരമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജനപ്രതിനിധികളുടെയും തദ്ദേശ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ കൂടി ഗുണനിലവാരം ഉറപ്പാക്കാനായുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സംസ്ഥാനത്ത് ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക് പുന:അംഗീകാരവും നേടിയെടുക്കാനായി. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 116 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷത്തെ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപാ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രികളുടെ കൂടുതൽ വികസനത്തിന് ഈ തുക സഹായിക്കും.

# കവിത പോലെ മനോഹരമായ കാഴ്ച്ചയുടെ കഥ

**ഇടുക്കി**: സാമൂഹികാരോഗ്യ കേന്ദ്രം രാജാക്കാടിന്റെയും ജില്ലാ അന്ധതാ നിവാരണ പദ്ധതിയുടേയും ആർ. ബി. എസ്.കെ പദ്ധതിയുടേയും ഏകോപനത്തിൽ പിറന്നത് ജാർഖണ്ഡ് സ്വദേശിയായ 6 വയസ്സുകാരി "മനീഷയ്ക്ക് " കാഴ്ചയുടെ പുതിയ ലോകം.

സ്കൂൾ തലത്തിൽ നടക്കുന്ന കാഴ്ച പരിശോധന പരിപാടിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ രാജാക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റിന്റെ നേതൃത്വത്തിൽ മുൻക്കൂട്ടി അറിയിച്ച് ജോസ്ഗിരി സെന്റ് ജോസഫ്സ് യു.പി സ്കൂളിൽ കാഴ്ച പരിശോധനയ്ക്കായി എത്തിയ ടീം അംഗങ്ങളാണ്. ജീവിത മാർഗ്ഗം തേടി ജാർഖണ്ഡിൽ നിന്ന് കേരളത്തിൽ എത്തിയ രാജേഷ് - മീന ദമ്പതികളുടെ മൂന്നാമത്തെ മകൾ മനീഷയുടെ കാഴ്ച്ച വൈകല്യം കണ്ടെത്തുന്നത്. ഇടതു കണ്ണ് പാതി അടഞ്ഞ് വലതു കണ്ണിലൂടെ മാത്രം അവ്യക്തമായ കാഴ്ചയുമായി വന്ന കുട്ടിയെ അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് വിദഗ്ദ്ധ പരിശോധനയ്ക്കായി റഫർ ചെയ്ത് നേത്രരോഗ വിദഗ്ദ്ധന്റെ പരിശോധന ലഭ്യമാക്കുകയും കുട്ടിയുടെ Congenetial Cataract അവസ്ഥ കണ്ടെത്തുകയും ചെയ്തു. ഒരു കണ്ണിനെങ്കിലും കാഴ്ച്ച തിരിച്ച് ലഭിക്കുന്ന തിനു സർജറി ആവശ്യമാണെന്ന് കണ്ടെത്തുകയും വിദഗദ്ധ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിനാവശ്യമായ സംവിധാനം ഒരുക്കുന്നതിന് നിർദേശിക്കുകയും ചെയ്തു.

ഇതിനായി ജില്ലാ അന്ധതാ നിവാരണ പദ്ധതിയും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി ശലഭം പദ്ധതിയുടെ സഹകരണത്തോടെ കുട്ടിയെ കോട്ടയം മെഡിക്കൽ കോളേജിൽ എത്തിച്ച് ആവശ്യമായ എല്ലാ പരിശോധനകളും പൂർത്തിയാക്കി സർജറി വിജയകരമായി പൂർത്തിയാക്കി.



ഇപ്പോൾ മനീഷയ്ക്ക് സ്വന്തം അമ്മയുടേയും അച്ഛന്റേയും കൂടപ്പിറപ്പുകളുടേയും മുഖം വ്യക്തമായി കാണാം, മനോഹരമായ നമ്മുടെ ഭൂമിയിലെ കാഴ്ചകളും.

# പട്ടണത്തിൽ സുന്ദരന്മാരായി നഗരാരോഗ്യകേന്ദ്രങ്ങൾ




**കാസർഗോഡ്** : നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ദേശീയ നഗരാരോഗ്യ ദൗത്യം. നഗരസഭകളുടെ സജീവ പങ്കാളിത്തത്തോടെ നഗരവാസികളായ ജനങ്ങൾക്ക് വിശിഷ്യാ നഗരത്തിലെ ചേരിവാസികളുടെയും പാർശ്വവത്കൃത വിഭാഗങ്ങളുടെയും ആരോഗ്യനില മെച്ചപ്പെടുത്തുകയും അവർക്ക് സൗകര്യപ്രദമായ സമയങ്ങളിൽ ചികിത്സ ഉറപ്പുവരുത്തുകയും കൂടാതെ ഫീൽഡ് തല പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധ ആരോഗ്യ ബോധവത്കരണം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കാസറഗോഡ് ജില്ലയിൽ കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നിവിടങ്ങളിലാണ് നഗരാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ദിവസേന ഒരു മണി മുതൽ വൈകുന്നേരം 7 മണി വരെ ഉള്ള ഒ.പി സേവനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ, ലബോറട്ടറി, ഫാർമസി, ഡെന്റൽ വിഭാവം, ഫീൽഡ് തല പ്രവർത്തനങ്ങൾ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഈ കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാകും. കൂടാതെ ഇ സഞ്ജീവനി പദ്ധതിയിലൂടെ എല്ലാ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി ഓൺലൈൻ കൺസൾട്ടഷൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

നഗരസഭകൾക്ക് നൽകിയ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാൻഡ് ഉപയോഗിച്ച് നഗരാരോഗ്യകേന്ദ്രങ്ങളുടെ കീഴിൽ പുതുതായി നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങളും ഇപ്പോൾ സജ്ജമാക്കിട്ടുണ്ട്. ജില്ലയിലെ മൂന്ന് കേന്ദ്രങ്ങളുടെ കീഴിലായി ഇത്തരത്തിൽ 9 കേന്ദ്രങ്ങൾക്കാണ് അനുമതിയുള്ളത്. ഇതിൽ 8 കേന്ദ്രങ്ങൾ ആരംഭിച്ചു. മെഡിക്കൽ ഓഫീസർ ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ്, ജെ എച്ച് ഐ ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഒന്നു മുതൽ വൈകുന്നേരം 7 വരെ ആണ് ഇതിന്റെ പ്രവർത്തന സമയം. ഇതിലൂടെ നഗരത്തിലുള്ള ജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുവാനാകും. പ്രാഥമിക തലത്തിൽ തന്നെ രോഗങ്ങൾ കത്തെി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിലൂടെ ഉയർന്ന തലത്തിൽ ആശുപത്രിയിലേക്കുള്ള റഫറൽ കുറയ്ക്കുവാനും അതുമൂലം അവിടുത്തെ തിരക്ക് ഒഴിവാക്കുവാനും സാധിക്കുന്നു.

## വയറു വേദനയുമായി എത്തി; യുവതിയുടെ ഗർഭപാത്രത്തിൽനിന്ന് നീക്കം ചെയ്തത് 4.5 കിലോ തൂക്കം വരുന്ന മുഴ

**കോട്ടയം:** പാലാ കെ.എം.മാണി സ്മാരക ഗവ. ജനറൽ ആശുപത്രിയിൽ 4.5 കിലോ തൂക്കം വരുന്ന ഗർഭപാത്രമുഴ സങ്കീർണ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു. പാലാ മരങ്ങാട്ടുപിള്ളി സ്വദേശിനിയായ 40 വയസുകാരിയ്ക്കാണ് ശസ്ത്രക്രിയ നടത്തിയത്. അപൂർവമായി ചെയ്യുന്ന സങ്കീർണമായ ഈ ശസ്ത്രക്രിയ ഒരു ജനറൽ ആശുപത്രിയിലൂടെ വിജയകരമായി പൂർത്തീകരിക്കാനായത് വലിയ നേട്ടമാണ്. വയറുവേദനയെ തുടർന്നാണ് യുവതി ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. ഗർഭപാത്രത്തിൽ വലിയൊരു മുഴയുണ്ടെന്ന് കണ്ടെത്തി. തുടർന്ന് യുവതിയുടെ ആരോഗ്യനിലകൂടി വിലയിരുത്തിയാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്കും പരിചരണത്തിനും ശേഷം രോഗി സുഖമായിരിക്കുന്നു.

ഈ സങ്കീർണ ശസ്ത്രക്രിയ പാലാ ജനറൽ ആശുപത്രിയെ സംബന്ധിച്ച് നിർണായകമായ ഒരു ചുവടുവയ്പ്പാണ്. ജനറൽ ആശുപത്രിയിൽ സജ്ജമാക്കിയ പുതിയ അത്യാധുനിക ശസ്ത്രക്രിയ ഉപകരണങ്ങളുടെ സഹായത്തോടെയാണ് ഇത്തരം സങ്കീർണ ശസ്ത്രക്രിയകൾ നടത്താനാകുന്നത്. ആശുപത്രി സൂപ്രണ്ട് ഡോ. അഭിലാഷ് ടി.പി.യുടെ ഏകോപനത്തിൽ ഗൈനക്കോളജി വിഭാഗത്തിലെ ഡോ. ആശാറാണി, ഡോ. തോമസ് കുര്യാക്കോസ്, ഡോ. സന്ദീപ എന്നിവരും അനസ്തേഷ്യാ വിഭാഗത്തിലെ ഡോ. രമ്യ, സ്റ്റാഫ് നഴ്സ് സീന എന്നിവരും അടങ്ങിയ ടീമാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.



## ആശാ പ്രവർത്തകർക്ക് പരീക്ഷ മുന്നൊരുക്ക ക്ലാസ് നടത്തി

**എറണാകുളം** : ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ഹയർ സെക്കൻഡറി തുല്യതാ പഠിതാക്കളായ ആശാപ്രവർത്തകർക്ക് പരീക്ഷാമുന്നൊരുക്കത്തിന്റെ ഭാഗമായി ഏകദിന ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. ജൂലൈ അഞ്ചിന് ആരംഭിക്കുന്ന ഹയർസെക്കൻഡറി തുല്യതാ പരീക്ഷയിൽ എറണാകുളം ജില്ലയിൽ നിന്നും 119 ആശാപ്രവർത്തകരാണ് പങ്കെടുക്കുന്നത്. മുഴുവൻ പരീക്ഷാർത്ഥികൾക്കും പരീക്ഷ മുന്നൊരുക്ക ക്ലാസുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യപടിയായാണ് ആശാപ്രവർത്തകർക്കുള്ള മുന്നൊരുക്ക ക്ലാസ്സ് സംഘടിപ്പിച്ചത്. ജില്ലാ സാക്ഷരതാ മിഷൻ കോഡിനേറ്റർ ശ്യാംലാൽ വി. വി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എസ് ഷിനോ, മേഖല ചുമതലയുള്ള ജില്ലാ കോ-ഓർഡിനേറ്റർ ഡോ വി വി മാത്യു, ജില്ലാ അസി. കോ-ഓർഡിനേറ്റർ കെ.എം സുബൈദ, ആശ ജില്ല കോർഡിനേറ്റർ സജ്ന നാരായണൻ തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.

# ആരോഗ്യമുളള ഭക്ഷണം ശീലമാക്കാൻ ഒരു കൈപുസ്തകം



**മലപ്പുറം** : ഒരോ വിഭവങ്ങളും എങ്ങനെ കഴിക്കാം എന്ന് ആലോചിക്കുന്നവരാണ് എല്ലാവരും. അതുണ്ടാക്കാനുള്ള റെസിപ്പി കൈയ്യിലില്ലെങ്കിൽ അത് ഗൂഗിളിൽ തിരഞ്ഞാൽ കിട്ടും. എന്നാൽ ഒരു ഡയറ്റീഷൻ ഓരോ പ്രായത്തിലുമുള്ളവർക്ക് കഴിക്കേണ്ട ആരോഗ്യകരമായ ഭക്ഷണം ഏതെല്ലാം എന്ന് വിശദീകരിക്കുന്ന ഒരു പുസ്തകം തിരഞ്ഞാൽ അതിനുള്ള ഉത്തരമായിരിക്കും ആരോഗ്യപോഷണം എന്ന കൈപുസ്തകം.

ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി, ജില്ലയിൽ നടപ്പിലാക്കുന്ന ആരോഗ്യഭേരി പദ്ധതിയുടെ കീഴിൽ "ആരോഗ്യ പോഷണം" കൈപുസ്തകം ജില്ലാ കലക്ടർ വി ആർ വിനോദ് ഐഎഎസ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ ആർ രേണുകക്ക് നൽകി പ്രകാശനം ചെയ്തു.

ജീവിതശൈലി രോഗങ്ങൾ പകർച്ചവ്യാധികളേക്കാൾ കൂടുതലായി പൊതുജനാരോഗ്യത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നമുക്കിടയിൽ കണ്ടുവരുന്നത്. ഇത്തരത്തിലുള്ള ജീവിതശൈലി രോഗങ്ങളെ ചെറുക്കുന്നതിനും പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ ഭക്ഷണക്രമീകരണവും ചിട്ടയായ വ്യായാമവും അത്യന്താപേക്ഷിതമാണ്. ഈ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുകയും ജനങ്ങൾക്ക് ജീവിതശൈലി രോഗങ്ങളിൽ നിന്ന് രക്ഷ നേടുകയും ചെയ്യുന്നതിന് വേണ്ടിയാണ്; ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും ആരോഗ്യ കേരളവും സംയുക്തമായി ജില്ലയിൽ ആരോഗ്യഭേരി എന്ന സമഗ്ര ക്യാൻസർ ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി നടപ്പിലാക്കി വരുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയമായ ഭക്ഷണക്രമീകരണം എങ്ങനെ ശീലിക്കാം എന്ന് ജനങ്ങളെ ബോധവൽക്കരണം നടത്തുകയും ശീലവൽക്കരണം നടത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്നതാണ് "ആരോഗ്യ പോഷണം" എന്ന ഈ പുസ്തകത്തിലൂടെ ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. ആരോഗ്യഭേരി പദ്ധതിയുടെ ഭാഗമായി ആശാപ്രവർത്തകർ വഴി ഈ പുസ്തകം ജനങ്ങളിലേക്ക് എത്തിക്കുകയും അതുവഴി സുരക്ഷിതമായ ആരോഗ്യ ശീലങ്ങളും ഭക്ഷണശീലങ്ങളും പ്രാവർത്തികമാക്കുക എന്നതാണ് ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നത്.

പ്രകാശന ചടങ്ങിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ ഷുബിൻ സി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോക്ടർ അനൂപ് ടി എൻ, ആർദ്രം നോഡൽ ഓഫീസർ ഡോക്ടർ ഫിറോസ് ഖാൻ വി, ഡെപ്യൂട്ടി ജില്ലാ എജുക്കേഷൻ മീഡിയ ഓഫീസർ പി എം ഫസൽ, ജൂനിയർ കൺസൾട്ടൻറ് ദിവ്യ ഇ ആർ, ഡയറ്റിഷൻമാരായ ടിന്റു കെ എസ്, ഷൈജി സി, ശ്രീതമ പി ആർ, നിമ പ്രഭ, ഫാരിയ സനം എന്നിവർ പങ്കെടുത്തു.

# അവൾ ചിരിക്കട്ടെ; ഹാപ്പി നൂൽപ്പുഴ പദ്ധതിക്ക് തുടക്കം

**കൽപ്പറ്റ:** അർബുദത്തിനെതിരെ ചരിത്രപരമായ ദൗത്യത്തിന് തുടക്കം കുറിച്ച് നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്. സ്ത്രീകളെ ഗർഭാശയമുഖ അർബുദത്തിൽ നിന്നും മുക്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹാപ്പി നൂൽപ്പുഴ പദ്ധതി ആരംഭിച്ചത്.

പദ്ധതിയുടെ ഭാഗമായി 9 വയസ്സിന് മുകളിൽ പ്രായമുള്ള പെൺകുട്ടികൾക്ക് സൗജന്യമായി എച്ച്.പി.വി വാക്സിനേഷൻ നൽകും. ഇതിലൂടെ സെർവിക്കൽ ക്യാൻസറിന്റെ പ്രധാന കാരണമായ ഹ്യൂമൻ പാപ്പിലോമ വൈറസ് അണുബാധയിൽ നിന്നും സംരക്ഷിച്ച് അവരെ പൂർണ്ണമായും സെർവിക്കൽ ക്യാൻസറിൽ നിന്നും പ്രതിരോധ ശേഷിയുള്ളവരാക്കി മാറ്റുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു ട്രൈബൽ പഞ്ചായത്തിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്. പൂർണ്ണമായും നൂൽപ്പുഴ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ലോകത്തിൽ ഏറ്റവുമധികം സ്ത്രീകൾ മരണപ്പെടുന്നതിന് കാരണമായിട്ടുള്ള ക്യാൻസറുകളിൽ നാലാം സ്ഥാനമാണ് സെർവിക്കൽ ക്യാൻസറിനുള്ളത്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഓരോ 8 മിനുട്ടിലും ഒരു സ്ത്രീ വീതം സെർവിക്കൽ ക്യാൻസർ ബാധിച്ച് മരണമടയുന്നുണ്ട്. നൂൽപ്പുഴ കൂടുംബാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള 9 വയസ്സിന് മുകളിൽ പ്രായമുളള പെൺകുട്ടികൾക്കായി ആരംഭിക്കുന്ന ഹാപ്പി നൂൽപ്പുഴ വാക്സിനേഷൻ പദ്ധതി രാജ്യത്തിന്റെ ആരോഗ്യ ചരിത്രത്തിൽ ഇടം നേടുകയാണ്.

വാക്സിനേഷൻ പദ്ധതി തുടങ്ങിയ വനിതാ ദിനത്തിൽ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത 55 കുട്ടികൾക്ക് വാക്സിനേഷൻ നൽകി. തുടർന്ന് ഈ മാസം മുതൽ സ്ക്രീനിംഗ് ക്യാമ്പിലൂടെ തെരഞ്ഞെടുത്ത പെൺകുട്ടികൾക്കായി ആഴ്ചകൾ തോറും കുടുംബാരോഗ്യ കേന്ദ്രം വഴി വാക്സിനേഷൻ നൽകും. ഹാപ്പി നൂൽപ്പുഴ വാക്സിനേഷൻ പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡ് നിർവഹിച്ചു. നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി, ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ഗ്ലോക്കോമ വില്ലൻ; വേണം അതീവ ജാഗ്രത

**ഡോ. സ്മിത എം.പി** കൺസൽട്ടന്റ്, ഒഫ്താൽമോളജി, ജില്ലാ ആശുപത്രി കണ്ണൂർ

അന്ധതയുടെ പ്രധാന കാരണങ്ങളിൽ ഒന്നാണ് ഗ്ലോക്കോമ. നേത്ര ഗോളത്തിനുള്ളിലെ മർദ്ദം കൂടി നേത്ര നാഡിക്ക് കേടു സംഭവിച്ച് കാഴ്ച നഷ്ടപ്പെടുന്ന രോഗമാണിത്. കണ്ണിന്റെ കൃഷ്ണമണിക്കും ലെൻസിനും ഇടയിലുള്ള ഭാഗത്തുള്ള അക്വസ് ഹ്യൂമർ എന്ന ദ്രാവകം രക്തത്തിൽ ചേരുന്ന ഭാഗത്ത് എന്തെങ്കിലും തടസ്സമുണ്ടാകുകയോ, ഈ ദ്രാവകം അമിതമായി ഉൽപാദിപ്പിക്കപ്പെടുകയോ ചെയ്യുമ്പോൾ നേത്രഗോളത്തിന്റെ മർദ്ദം കൂടുന്നു.

**ചില വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഗ്ലോക്കോമ വരാൻ സാധ്യത കൂടുതലുണ്ട്**

- പാരമ്പര്യമായി വീട്ടിൽ ഗ്ലോക്കോമ ഉള്ളവർക്ക്
- 50 വയസ്സിന് മുകളിലുള്ളവർക്ക്
- വളരെക്കാലമായി പ്രമേഹ രോഗമുള്ളവർ
- കുറേക്കാലമായി സ്റ്റിറോയ്ഡ് മരുന്ന് കഴിക്കുന്നവർ
- കണ്ണിന് മുമ്പ് എന്തെങ്കിലും അപകടം സംഭവിച്ചവർക്ക്
- സ്ഥിരമായി പുകവലിക്കുന്നർക്ക്

ചിലപ്പോൾ കുഞ്ഞുങ്ങൾക്കും ഗ്ലോക്കോമ ബാധിക്കാറുണ്ട്. പാരമ്പര്യമായും മറ്റ് ജനിതക രോഗങ്ങളുടെ ഭാഗമായും ഈ അസുഖം കുഞ്ഞുങ്ങൾക്ക് വരാം.

**ജന്മനായുള്ള ഗ്ലോക്കോമയുടെ ലക്ഷണങ്ങൾ**

- കണ്ണ് അമിതമായി ചിമ്മുക
- കണ്ണിൽ നിന്നും തുടർച്ചയായി വെള്ളം വരിക
- പ്രകാശം നോക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക തുടങ്ങിയവയാണ് അവ.


രോഗത്തിന്റെ തീവ്രത കൂടുമ്പോൾ കൃഷ്ണമണിയുടെ വലിപ്പം കൂടുകയും, നേത്രപടലത്തിന്റെ സുതാര്യത നഷ്ടപ്പെടുകയും കണ്ണ് പുറത്തേക്ക് തള്ളിവരുന്നതായി തോന്നുകയും ചെയ്യുന്നു. പ്രായമായവരിൽ തുടക്കത്തിൽ രോഗലക്ഷണങ്ങൾ ഒന്നുംതന്നെ ഉണ്ടാവണമെന്നില്ല. ചെറിയതോതിൽ കണ്ണ് വേദന, തലവേദന, വിളക്കിനു ചുറ്റും പ്രഭാവലയം കാണുക, വശങ്ങളിലെ കാഴ്ച കുറയുകയും, കണ്ണട കൂടെ കൂടെ മാറ്റേണ്ടവരിക എന്നിവയാണ് രോഗലക്ഷണങ്ങൾ.


**പെട്ടെന്നുതന്നെ കണ്ണിന്റെ മർദ്ദം വളരെ അധികം കൂടുന്ന ആംഗിൾ ക്ലോഷർ ഗ്ലോക്കോമയുടെ ലക്ഷണങ്ങൾ ഇവയാണ്**

- ശക്തമായ കണ്ണ് വേദന
- തലവേദന
- ഛർദി
- കണ്ണിൽ ചുവപ്പുനിറം തുടങ്ങിയവ

ഗ്ലോക്കോമ വഴി നഷ്ടപ്പെട്ട കാഴ്ച വീണ്ടെടുക്കാൻ പ്രയാസമാണ്. നേരത്തെ തന്നെ രോഗ നിർണ്ണയം നടത്തി ചികിത്സിച്ചാൽ കൂടുതൽ കാഴ്ച നഷ്ടപ്പെടുന്നത് തടയാൻ പറ്റും. ഇന്ന് രോഗം കണ്ടുപിടിക്കാനുള്ള പലവിധ പരിശോധനകളും അതിന്റെ ചികിത്സയും ലഭ്യമാണ്. കണ്ണിൽ ഒഴിക്കുന്ന പലതരത്തിലുള്ള തുള്ളിമരുന്നുകൾ വഴി മർദ്ദം സാധാരണ നിലയിലേക്ക് എത്തിക്കാൻ സാധിക്കും. ഇതുവഴി കണ്ണിലെ മർദ്ദം കുറഞ്ഞില്ലെങ്കിൽ പലതരം സർജറികളിലൂടെയും ചികിൽസിക്കാവുന്നതാണ്. കുട്ടികൾക്കുണ്ടാകുന്ന ഗ്ലോക്കോമക്ക് മിക്കവാറും ഓപ്പറേഷൻ വേണ്ടിവരും.

മാർച്ച് 10 മുതൽ 16 വരെ ലോക ഗ്ലോക്കോമ വാരമായി ആചരിക്കുന്നുണ്ട്. ഗ്ലോക്കോമ മുക്ത ലോകത്തിനായി ഒരുമിക്കാം എന്നതായിരുന്നു ഈ വർഷത്തെ സന്ദേശം. തിരിച്ചുകിട്ടാനാവാത്ത ഈ കാഴ്ചക്കുറവുകളെ പ്രതിരോധിക്കാനായ് നമുക്ക് കൈകോർക്കാം.




നേത്രത്തിന്റെ സാധാരണ അവസ്ഥയും, ഗ്ലോക്കോമ ബാധിച്ച അവസ്ഥയും

# അംഗീകാര നിറവിൽ കുളപ്പുള്ളി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം

**പാലക്കാട്:** ആശുപത്രികളിലെ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും മികവ് വിലയിരുത്തി നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരം (NQAS) നേടി കുളപ്പുള്ളി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം. നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലയിലെ 5 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒന്നാണ് കുളപ്പുള്ളിയിലെ കേന്ദ്രം. 86 ശതമാനം സ്കോറോടെയാണ് അഭിമാനനേട്ടം കൈവരിച്ചിരിക്കുന്നത്.

ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ, മാതൃശിശു ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം, ജീവിത ശൈലി രോഗ നിർണയം, പ്രതിരോധകുത്തിവെപ്പ്, ചികിത്സ ഗുണനിലവാരം രോഗികളുടെ അവകാശങ്ങളും സേവനങ്ങളും, അണുബാധ നിയന്ത്രണം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, പ്രസവവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ഗുണനിലവാരം, രോഗി പരിചരണം, ലബോറട്ടറി സേവനങ്ങൾ, അവശിഷ്ട നിർമാർജനം എന്നിങ്ങനെ 12 വിഭാഗങ്ങളിലായി 6500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് എൻ ക്യു എ എസ് അംഗീകാരം നൽകുന്നത്.

ഓരോ 50000 ജനങ്ങൾക്കും ഒരു യു പിഎ ച്ച്സി എന്ന നിലയ്ക്കാണ് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഷൊർണൂർ നഗരസഭയ്ക്ക് കീഴിലെ കുളപ്പുള്ളിയിൽ 2500 ലധികം ചതുരശ്ര അടി വിസ്തൃതിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രത്തിൽ വിപുലമായ ആരോഗ്യ സേവനങ്ങളാണ് നൽകി വരുന്നത്. ഒ.പി സേവനം, ക്ലിനിക്കൽ ലബോറട്ടറി, സൗജന്യ മരുന്നുകൾ, കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പ്, നഗരത്തിലെ വിവിധ ഇടങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, സ്ഥാപനതലത്തിലും ഫീൽഡിലുമുള്ള രോഗപ്രതിരോധ സേവനങ്ങളും പരിസര ശുചിത്വ പ്രവർത്തനങ്ങളും കുടുംബക്ഷേമ പ്രവർത്തനങ്ങൾ, സ്പെഷാലിറ്റി ക്ലിനിക്കുകൾ തുടങ്ങി ജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങൾ ഇവിടെ ലഭ്യമാണ്.



കുളപ്പുള്ളി നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം

ജില്ലാ, സംസ്ഥാന, ദേശീയതല പരിശോധനകൾക്ക് ശേഷമാണ് ആശുപത്രികളുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70% ത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് എൻക്യുഎഎസ് അംഗീകാരം നൽകുന്നത്. അംഗീകാരത്തിന് മൂന്നുവർഷത്തെ കാലാവധി ആണുള്ളത്. മൂന്ന് വർഷത്തിനുശേഷം ദേശീയതല സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. അംഗീകാരം ലഭിക്കുന്ന ആരോഗ്യസ്ഥാപനങ്ങൾക്ക് രണ്ട് ലക്ഷം രൂപ വാർഷിക ഇൻസെന്റീവ് ആയി ലഭിക്കും.